**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3522** | **30.01.2014 ന് മറുപടിക്ക്**

## <u>മലയാളഭാഷാ നിയമനിർമ്മാണം</u>

**<u>ചോദ്യം</u>**

ശ്രീ. എ.കെ. ശശീന്ദ്രൻ
ശ്രീ. തോമസ് ചാണ്ടി

**<u>ഉത്തരം</u>**

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാളഭാഷാ നിയമ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും | മലയാള ഭാഷാ നിയമനിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത് സംബന്ധിച്ച പ്രാഥമിക രൂപ രേഖ തയ്യാറാക്കിയിട്ടുണ്ട്. നിയമ നിർമ്മാണം സംബന്ധിച്ച നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നിയമ സഭയിൽ വച്ച് പാസ്സാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | കരട് നിയമത്തിന് മന്ത്രിസഭ അംഗീകാരം നൽകിയോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | | |
| (സി) | നിയമസഭയുടെ നടപ്പു സമ്മേളനത്തിൽ പ്രസ്തുത നിയമനിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകുമോ; വിശദമാക്കാമോ; | | |
| (ഡി) | പ്രസ്തുത നിയമത്തിൽ മലയാള ഭാഷാ പഠനവും കോടതികളിലെ വ്യവഹാര ഭാഷയും മലയാളത്തിലാക്കുവാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | (ഡി) | പ്രസ്തുത നിയമത്തിൽ മലയാള ഭാഷാ പഠനവും ഹൈക്കോടതിക്ക് താഴെയുള്ള കോടതികളിലെ വ്യവഹാര ഭാഷയും മലയാളത്തിലാക്കുവാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്ന കാര്യവും സർക്കാർ പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**